**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളിൽ ഫോർട്ടിഫൈഡ് റൈസ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻകടകളിൽ പുഴക്കലരിക്ക് പകരം ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | രാജ്യത്തെ സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ തുടങ്ങിയ രോഗങ്ങളുടെ പ്രധാന കാരണം ആഹാരത്തിലെ പോഷക കുറവാണെന്നതിനാൽ ആയത് പരിഹരിക്കുന്നതിലേക്കായി രാജ്യത്തെ റേഷൻ കടകളിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്ന പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്നു. 2024 മാർച്ചോടു കൂടി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പൊതുവിതരണ ശൃംഖല വഴി ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഫോർട്ടിഫൈഡ് റൈസ് കൊണ്ടുള്ള ഗുണ-ദോഷങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്നും അരി കഴുകുമ്പോൾ അതിലെ പോഷകാംശം നഷ്ടപ്പെടുമോയെന്നും അറിയിക്കുമോ; | (ബി) | തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെ തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) കൺവീനറായും വിദഗ്ദ്ധരുടെ ഒൻപത് അംഗ സമിതി ആരോഗ്യ വകുപ്പിന്റെ 31/01/2023 ലെ GO(Rt)No.233/ 2023/H&FWD ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഫോർട്ടിഫൈഡ് അരി കഴുകുമ്പോൾ അതിലെ പോഷകാംശം നഷ്ടപ്പെടുകയില്ലെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. |
| (സി) | നിലവിലെ റേഷൻ അരിയുടെ വിലയെക്കാൾ അധിക വില ഇതിന് നൽകേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ സമ്പുഷ്ടീകരിച്ച അരിയ്ക്ക് അധിക വില നൽകേണ്ടി വരുന്നില്ല. |

സെക്ഷൻ ഓഫീസർ